# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1571 — 10/02/2020-ൽ മറുപടിയ്ക്ക്

## ലൈഫ് ഭവന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ലൈഫ് ഭവന പദ്ധതി പ്രകാരം ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിലും കരുനാഗപ്പള്ളി നഗരസഭയിലും എത്ര ഭവനങ്ങൾ പൂർത്തീകരിച്ച് കൈമാറ്റം നടത്തിയെന്നും എത്ര ഭവനങ്ങൾ ഇനിയും ഈ പദ്ധതി പ്രകാരം പൂർത്തീകരിക്കേണ്ടതുണ്ടെന്നും വിശദീകരിക്കുമോ; | എ) | ലൈഫ് പദ്ധതി പ്രകാരം ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിലും കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലും പൂർത്തീകരിച്ച ഭവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ.<br><br>1)**<u>ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്</u>**<br>ലൈഫ് ഒന്നാംഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ ആകെ 111 വീടുകളാണ് വിവിധ ഡിപ്പാർട്ട്മെന്റുകളുടേതായി ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പൂർത്തീകരിക്കാൻ ഉണ്ടായിരുന്നത്. മുഴുവൻ വീടുകളും ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ചു.<br>രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവന നിർമ്മാണത്തിൽ 6 ഗ്രാമപഞ്ചായത്തുകളിൽ നിന്നായി 785 ഗുണഭോക്താക്കളാണ് ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഭവന നിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. അതിൽ 627 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 54 വീടുകൾ റൂഫ് ലെവലിലും 32 വീടുകൾ ലിന്റൽ ലെവലിലും 55 വീടുകൾ ബേസ്മെന്റ് ഘട്ടവും പൂർത്തീകരിച്ചു.<br>മൂന്നാംഘട്ടമായ ഭൂരഹിത ഭവനരഹിതർക്കുള്ള ഭവന നിർമ്മാണത്തിൽ 1107 ഗുണഭോക്താക്കളാണ് ഗ്രാമപഞ്ചായത്തുകളിൽ രേഖാ |

| | | | |
|---|---|---|---|
| | | | പരിശോധനയ്ക്ക് ഹാജരായി അർഹത തെളിയിച്ചിട്ടുള്ളത്. ടി ആളുകളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><br>**<u>2) കരുനാഗപ്പള്ളി മുൻസിപ്പാലിറ്റി</u>**<br>ലൈഫ് ഒന്നാംഘട്ടത്തിൽ 15 വീടുകളാണ് കരുനാഗപ്പള്ളി മുൻസിപ്പാലിറ്റിയുടെ പരിധിയിൽ പൂർത്തീകരിക്കാനുണ്ടായിരുന്നത്. ഇതിൽ 14 വീടുകൾ പൂർത്തീകരിച്ചു.<br>രണ്ടാംഘട്ടമായ പി.എം.എ.വൈ - ലൈഫ് പദ്ധതിയിൽ ഭൂമിയുള്ള 604 ഗുണഭോക്താക്കളാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ഇതിൽ 337 വീടുകൾ പൂർത്തീകരിച്ചു.<br>മൂന്നാംഘട്ടമായ ഭൂരഹിത ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിൽ അർഹത തെളിയിച്ച 421 ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹരായവരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും പദ്ധതി നടപ്പിലാക്കുന്ന കാലഘട്ടത്തിൽ തന്നെ വീട് ലഭ്യമാകുമോ; വിശദീകരിക്കുമോ; | ബി) | ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| സി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് വിപുലപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ? | സി) | ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനാണ് നിലവിൽ ലക്ഷ്യമിടുന്നത്. പുതിയ ഗുണഭോക്താക്കളെ നിലവിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ